മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് സപ്ലിമെൻറ്

1989 നവംബർ 25 | കുന്നംകുളം കിഴക്കേ പുത്തൻപള്ളി സ്പെഷ്യൽ

# പഴമയുടെ പാരമ്പര്യവുമായി കുന്നംകുളം സെൻറ് തോമസ് കിഴക്കേ പുത്തൻപള്ളി

ഫാ. ജോസ് പുലിക്കോട്ടിൽ



കാലം ചെയ്ത പുലിക്കോട്ടിൽ ജോസഫ് മാർദീവന്നാസിയോസ് തിരുമേനിയുടെ ഒരു സ്മാരകം പഴയപള്ളിയിൽ ഉണ്ടായിരുന്നു. ശീമയിൽ നിന്നു വന്ന ക്കൂറീലോസ് മെത്രാൻ ആ സ്മാരകം കണ്ടു് കോപാവേശത്തോടെ പറഞ്ഞു. 'ഇന്ത്യാക്കാരൻ ഒരു പരിശുദ്ധനോ' ക്കൂറീലോസ് മെത്രാൻ ആ സ്മാരക കബറിടം ചവുട്ടി മെതിച്ചു. ഇടവകക്കാർ ഓടി ക്കൂടി കബറിടത്തിൽ ഉണ്ടായിരുന്ന കുരിശു് അവർ ഭക്തിപൂർവ്വം സംരക്ഷിച്ചു. ഒരു ഒരു പള്ളി പണിയുന്നതുവരെ, കുരിശു് താഴെ വെക്കുകയില്ലാ എന്ന ദൃഡനിശ്ചയത്തിൽ ഓരോ ദിവസവും ഓരോരുത്തർ ആ കുരിശു് നെഞ്ചിൽവെച്ചു് കിടന്നുറങ്ങി. അധികദിവസങ്ങൾ കഴിഞ്ഞില്ല—കിഴക്കെഭാഗത്തു് ഒരു പള്ളിപണിയാനുള്ള സ്ഥലം സംഭാവനയായി ലഭിച്ചു. കുന്നംകുളത്തിന്റെ മൂന്നു ഭാഗങ്ങളിൽ ഓരോ പള്ളി ഉണ്ടായിരുന്നെങ്കിലും കിഴക്കു ഭാഗത്തു് അങ്ങനെയായിരുന്നില്ല. പുതിയപള്ളിക്ക് ശിലാസ്ഥാപനം നടത്തിയതു്, കബറിടം ചവുട്ടി മെതിച്ച ക്കൂറീലോസു് മെത്രാൻ തന്നെയായിരുന്നു. 1852 ലാണ് പണിതീർന്നത്. സ്മാരകത്തിൽ ചവുട്ടിയ അന്നുമുതൽ അദ്ദേഹത്തിന്റെ കാലുകൾ രണ്ടും നീരുവന്നു് പൊട്ടി ഒഴുകികൊണ്ടിരുന്നു. തനിക്കു് ലഭിച്ച ശിക്ഷയാണ് ആ രോഗമെന്നും മാർദീവാന്നാസ്യയോസ് ഒരുപരിശുദ്ധൻ തന്നെയെന്നു മാർക്കുറീലോസിനു് മനസ്സിലായി. അദ്ദേഹം ചവുട്ടിയ സ്മാരക കബറിടത്തിലെ കുരിശുപുതുതായി നിർമ്മിക്കുന്നേ പള്ളി സ്ഥലത്ത് സ്ഥാപിച്ചു് മാർക്കുറീലോസ് പറഞ്ഞു 'പുത്തൻപള്ളിയിലെദിവന്നാസിയോസ് പരിശുദ്ധൻ' അന്നുമുതൽക്ക് അദ്ദേഹത്തിന്റെ കാലിലെ നീരു കുറയുകയും പൂർണ്ണസൗഖ്യം ലഭിക്കുകയും ചെയ്തു.

അഭിവന്ദ്യ തോമസ് മാർ മക്കാറിയോസു് മെത്രാപ്പോലീത്ത പഴയ സെമിനാരിയിൽ പുരാവസ്തു ഗവേഷണം നടത്തിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹം ഒരു അത്ഭുത വസ്തു കണ്ടെത്തി. ''അറയിൽ മറഞ്ഞിരുന്ന നിധി' എന്ന പേരിൽ ആ അത്ഭുതവസ്തുവിനെ സംബന്ധിച്ചു് അദ്ദേഹം തന്നെ മലങ്കരസഭാ മാസികയിൽ എഴുതിയിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസു് (ഒന്നാമൻ) മെത്രാപ്പോലീത്ത ഉപയോഗിച്ചിരുന്ന 'മസനപ്പ' ആയിരുന്നു ആ അത്ഭുതവസ്തു. പഴയസിമിനാരിയിൽ നിന്നു് കണ്ടെടുത്ത തിരുമേനിയുടെ മസനപ്സാ, പ. ഔഗേൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു്, മാർ ദിവന്നാസിയോസിന്റെ സ്മാരകമായി പണിത സെൻറ്തോമസു് പുത്തൻ പള്ളിക്കു് നൽകി. പ. ബാവായിൽ നിന്നു് പുത്തൻ പള്ളിവികാരി ആ 'പരിശുദ്ധവസ്തു' ഏററുവാങ്ങുമ്പോൾ ഇപ്പോഴത്തെ പ. കാതോലിക്കാബാവായും, മാർസേവേറിയോസു് തിരുമേനിയും, സമുദായ ട്രസ്റ്റി പി. സി. എബ്രഹാമും സന്നിഹിതരായിരുന്നു.

ബഹുമാനാദരവോടെ പുത്തൻ

ശേഷം 4-ാം പേജിൽ

## വിശ്വാസ തീഷ്ണതയുടെ പ്രഭയുമായി

പോൾ മണലിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്ര സംസ്ക്കാരത്തിന്റെ സജീവസാക്ഷിത്വം വഹിക്കുന്ന കിഴക്കെ പുത്തൻ പള്ളി ഭാരതത്തിലെ ക്രൈസ്തവ സഭയുടെ ശില്പിയായ മാർ ത്തോമ്മ ശ്ലീഹായുടെ നാമത്തിലാണല്ലോ സ്ഥാപിച്ചിട്ടുള്ളതു്. കേരളത്തിൽ സെൻറ് തോമസിന്റെ വിശുദ്ധനാമം പേറുന്ന ദേവാലയങ്ങളിൽ കിഴക്കേ പുത്തൻപള്ളി പ്രധാനപ്പെട്ടതാണു്.

ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയായതു സഭാസ്നേഹികളുടെ ത്യാഗോജ്വലമായ പ്രവർത്തനത്തെ തുടർന്നാണ്. പനയ്ക്കൽ കുടുംബക്കാർ 1908-ൽ ദേവാലയത്തിന്റെ പൂമുഖംനിർമ്മിച്ചു. ഓലമേഞ്ഞിരുന്ന നടപ്പള്ളിക്കു ഓട്ചാർത്തിയതു് കാക്കശ്ശേരി ഇട്ടിമാണിയും മററു ചില കുടുംബക്കാരും ചേർന്നാണു്. പനയ്ക്കൽ ചാക്കുകുഞ്ഞാത്തുവും മററും ചേർന്നാണ് പള്ളിയുടെ മദ്ബഹായുടെ പണി പൂർത്തിയാക്കിയതും പള്ളിക്കു മുഴുവൻ ഓടുമേഞ്ഞതും.

1945 മെയ് 12 ന് പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവായും, കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും ചേർന്നാണ് കൂദാശ നിർവഹിച്ചതു്.

സഭയുടെ സാംസ്ക്കാരിക വേദിയെന്ന ഖ്യാതി ഈ ദേവാലയം നേടിയതു പ്രത്യേകതയർഹിക്കുന്നു വടക്കൻ ഭദ്രാസനങ്ങളിലെ വൈദികരെ ഇവിടെ വച്ചായിരുന്നു സുറിയാനി പഠിപ്പിച്ചിരുന്നത്. സുറിയാനി ഭാഷാപണ്ഡിതനായിരുന്ന പനയ്ക്കൽ യാക്കോബ് മല്പാനായിരുന്നു ഗുരു. അപൂർവ്വ ഗ്രന്ഥങ്ങളുടെയും സുറിയാനി ഭാഷയിലെ അപൂർവ്വ രചനകളുടെയും മികച്ചൊരു ശേഖരം ഇവിടെയുണ്ടായിരുന്നു.


പുലിക്കോട്ടിൽ വൈദിക പരമ്പരയുമായി ഈ പള്ളിക്കുള്ള ബന്ധം പ്രത്യേകം പരാമർശിക്കണം. പുലിക്കോട്ടിൽ മെത്രാച്ചന്മാരോടുള്ള ആദരസൂചകമായി 1972-ൽ പുലിക്കോട്ടിൽ ജോസഫ് മാർദീവന്നാസ്യോസിന്റെ കബർ സ്ഥാപിച്ചു. തിരുമേനിയുടെ ഭൗതികാവശിഷ്ടം പള്ളിയിലെ പ്രധാന പ്രവർത്തകരുടെ നേതൃത്വത്തിൽ ഏററുവാങ്ങിയാണ് ഇവിടെ സ്ഥാപിച്ചതു്. പ്രസ്തുത കബർ പള്ളിയുടെ വടക്കുവശത്തു ഇപ്പോഴും നിലകൊള്ളുന്നു. തിരുമേനിയുടെ ഓർമ്മദിവസം എല്ലാ വർഷവും ഇവിടെ പെരുന്നാൾ നടത്തിവരുന്നു എന്നതും പ്രസ്താവ്യമാണ്.



വികാരി ഫാ. അബ്രഹാം ഓലിക്കൽ




പള്ളി ട്രസ്റ്റി ബ്രോണി



പള്ളി സെക്രട്ടറി ടി. എം. വർഗീസ്



ലേഖകൻ ഫാ. ജോസ് പുലിക്കോട്ടിൽ



ഹെറാൾഡ് ഫീൽഡ് ഓഫീസർ കെ. സി. സജീവ്

# പുലിക്കോട്ടിൽ ജോസഫ് ദീവന്നാസിയോസ് ഒന്നാമൻ

ഫാ. ജോസ് പുലിക്കോട്ടിൽ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് (ഒന്നാമൻ) മെത്രാപ്പോലീത്താ എല്ലാവരുടേയും സ്നേഹിതനും ഗുരുനാഥനും, നല്ല വൈദ്യനും പിതാവുമായിരുന്നു. കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അടിസ്ഥാനമേകിയതും ആദ്യമായി ഒരു വൈദിക കോളജ് സ്ഥാപിച്ചതും അദ്ദേഹമായിരുന്നു. ഓർത്തഡോക്സ് സഭ, ഭാരതത്തിൽ ഒരു സ്വതന്ത്രസഭയാണെന്ന് ഉൽഘോഷിച്ചുകൊണ്ട് ഒരു നാട്ടുമെത്രാനിൽ നിന്നും മെത്രാൻ സ്ഥാനമേററ ഭാരതത്തിലെ ആദ്യ മെത്രാപ്പോലീത്തായാണ് അദ്ദേഹം. ഓർത്തഡോക്സ് സഭയ്ക്ക് യാതൊരു പൊതുസ്വത്തും ഇല്ലാതിരുന്നപ്പോൾ, സഭയ്ക്കുവേണ്ടി അനേകം ഏക്കർ സ്ഥലവും, ആ സ്ഥലത്ത് ഒരു വൈദിക കോളജ് (പഴയ സെമിനാരി, കോട്ടയം) സ്ഥാപിക്കുന്നതിനുള്ള പണവും, ആരോടും ആവശ്യപ്പെടാതെ തന്നെ സംഭാവനയായി സഭയ്ക്ക് ലഭിക്കുവാൻ കളമൊരുക്കിയത്, ഭക്തി നിർഭരമായ അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതമായിരുന്നു.

1740 നവംബർ 25 നാണ് തിരുമേനി ജനിച്ചത്. അദ്ദേഹത്തിന്റെ മാമോദീസാ നാമം ഉട്ടൂപ്പ് എന്നായിരുന്നു. പഴഞ്ഞി പള്ളിയിലെ സുറിയാനി പണ്ഡിതനായിരുന്ന വികാരിയച്ചന്റെ ശിക്ഷണത്തിൻ കീഴിൽ അദ്ദേഹം സുറിയാനി ഭാഷ പഠിച്ചതോടൊപ്പം പൈലപ്പനാശന്റെ കീഴിൽ ഗണിതശാസ്ത്രവും തച്ചുശാസ്ത്രവും പഠിച്ചു. വലിയ മാർദീവന്നാസിയോസ് മെത്രാപോലീത്തായാണ് അദ്ദേഹത്തെ ഒരു വൈദികനാക്കിയത്.

1789– ടിപ്പുസുൽത്താൻ, കുന്നംകുളം ചാട്ടുകുളങ്ങരെ (ആർത്താററ്) പള്ളി അഗ്നിക്കിരയാക്കിയപ്പോൾ പള്ളിയുടെ ചുററും താമസിച്ചിരുന്ന ക്രിസ്ത്യാനികൾ ഞെട്ടിയുണർന്നു ടിപ്പുവിനെ എതിർക്കാൻ ധീരതയോടെ മുന്നോട്ടുവന്നു. അപ്പോഴേക്കും 'ഉട്ടൂപ്പ് അച്ചൻ' ടിപ്പുവിന്റെ തടവറയിൽ ബന്ധിക്കപ്പെട്ടുകഴിഞ്ഞിരുന്നു. നിരാശരായ ജനക്കൂട്ടം ചാട്ടുകുളങ്ങരെ നിന്ന് കുന്നംകുളത്തേക്ക് പലായനം ചെയ്തു. ചിററളയം, മണക്കുളം, കുന്നംകുളം എന്നീ രാജാക്കന്മാർ അവർക്ക് അഭയം നൽകി. കുരിശാകൃതിയിൽ റോഡുകൾ നിർമ്മിച്ച് അടുത്തടുത്തായി വീടുകൾ നിർമ്മിച്ച് ക്രിസ്ത്യാനികൾ അവിടെ താമസിച്ചു. ടിപ്പുവിനേ എതിർക്കാൻ കഴിയാതെ ഓടിപ്പോയ ജനം തങ്ങളുടെ വികാരി ഉട്ടൂപ്പ് അച്ചനെ' കുന്നംകുളം രാജാവിന്റെ കൊട്ടാരത്തിലാണ് കണ്ടെത്തിയത്. ടിപ്പുവിന്റെ സൈന്യാധിപൻ, പ്രാർത്ഥിച്ചുകൊണ്ടിരുന്ന അച്ചനെ കണ്ട്, തടവറയുടെ വാതിൽ തുറന്നുകൊടുത്തത് ഒരു അത്ഭുതമായിരുന്നു.

കത്തിനശിച്ച പള്ളി പുതുക്കിപ്പണിയണമെന്ന് ഉട്ടൂപ്പ് അച്ചന് ആഗ്രഹമുണ്ടായിരുന്നു. അപ്പോഴാണ് കത്തോലിക്കാസഭയുടെ ഭീഷണിയുയർന്നത്. ചാട്ടുകുളങ്ങര പള്ളിയിൽ കത്തോലിക്കരും ഓർത്തഡോക്സുകാരും തവണമുറയനുസരിച്ചായിരുന്നു ആരാധനകൾ നടത്തിവന്നത് മേലിൽ അത് സാദ്ധ്യമല്ലെന്നും, പള്ളി തങ്ങൾക്ക് ലഭിക്കണമെന്നും കത്തോലിക്കർ



പുണ്യചരിതനായ പിതാവ് പുലിക്കോട്ടിൽ ജോസഫ് മാർ ദ വന്ന്യാസ്യോസ് ഒന്നാമൻ തിരുമേനി

വാദിച്ചു. ശക്തൻതമ്പുരാൻ മഹാരാജാവിന്റെ മദ്ധ്യസ്ഥതയിൽ പള്ളിപ്പറമ്പ് രണ്ടായി വിഭജിക്കുകയും നറുക്കിട്ടപ്പോൾ പള്ളി നിന്നിരുന്ന സ്ഥലം ഓർത്തഡോക്സ് സഭയ്ക്ക് ലഭിക്കുകയും ചെയ്തു.

1805 ൽ പള്ളിപണി ആരംഭിച്ചു ഉട്ടൂപ്പ് അച്ചൻതന്നെയാണ് പള്ളിയുടെ പ്ലാൻ തയ്യാറാക്കിയത്. 1807 ഓഗസ്റ്റ് 15 ന് മലങ്കര മെത്രാപ്പോലീത്താ, വലിയമാർ ദീവന്നാസിയോസ് പള്ളിയുടെ കൂദാശനടത്തുകയും അന്നുതന്നെ ഉട്ടൂപ്പ് അച്ചനു റമ്പാൻസ്ഥാനം നല്കുകയും ചെയ്തു. ജോസഫ് റമ്പാൻ എന്ന പേരിലാണ് പിന്നീട് അദ്ദേഹം അറിയപ്പെടുന്നത്.

1807 ഡിസംബർ 9–ന് റവ. ക്ലോഡിയസ് ബുക്കാനൻ ചാട്ടുകുളങ്ങരെ പള്ളിയിൽ വന്ന് ജോസഫ് റമ്പാനെ കാണുകയുണ്ടായി. റവ. ബുക്കാനൻ ലണ്ടനിൽ പ്രസിദ്ധീകരിച്ച 'എന്റെ മലബാർ യാത്ര' എന്ന പുസ്തകത്തിൽ ജോസഫ് റമ്പാനെക്കുറിച്ച് 'ഇപ്രകാരം രേഖപ്പെടുത്തുന്നു.' തികഞ്ഞ ഒരു ഭക്തനും വേദപണ്ഡിതനും പരിശുദ്ധാത്മ നിറവുമുള്ള ഒരു അത്ഭുത 'യുവാവാണ് 65 വയസ്സുള്ള റമ്പാൻ. വേദപുസ്തകം നാട്ടുഭാഷയിൽ അച്ചടിപ്പിക്കണമെന്നും ഒരു വൈദികകോളജ് ആരംഭിക്കണമെന്നുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹം വളരെ ഉചിതമാണെന്ന് എനിക്കു തോന്നുന്നു. റവ. ബുക്കാനൻ ചാട്ടുകുളങ്ങരെ പള്ളിക്ക് ഒരു തങ്കമെഡൽ സമ്മാനിക്കുകയുണ്ടായി. ഏഴിഞ്ചു ചുററളവും പത്ത് പവൻ തൂക്കവുമുള്ള ആ മെഡലിന്റെ (ഈ മെഡലിന് പത്താക്ക് എന്നാണ് കുന്നംകുളത്തുകാർ പറയുക) ഒരു വശത്ത് സ്നാനമേല്ക്കുന്ന യേശുവിന്റെ ചിത്രവും മറുവശത്ത് ദൈവമാതാവിൽ നിന്ന് വൃദ്ധനായ ശമവൂൻ യേശുകുഞ്ഞിനെ ഏററുവാങ്ങുന്ന ചിത്രവും മുദ്രണം ചെയ്തിരിക്കുന്നു.

ചാട്ടുകുളങ്ങരെ പള്ളി പണി പൂർത്തീകരിച്ചതിനു ശേഷം കുന്നംകുളം രാജാവ് സംഭാവന ചെയ്ത പടിഞ്ഞാറെ പള്ളിയും (പഴയപള്ളി), ചിററളയം രാജാവ് പണിതു കൊടുത്ത വടക്കെ പള്ളിയും ശക്തൻ തമ്പുരാൻ സംഭാവന ചെയ്ത (അന്തിമാളൻ കാവ് ക്ഷേത്രം), തെക്കെപള്ളിയും അററകുററ പണികൾ തീർത്തതിനു ശേഷം ഒരു പാതിരാത്രിയിൽ പരിചാരകനുമ്മാരെ വിളിച്ചു റമ്പാച്ചൻ പറഞ്ഞു. 'ഉടനെ നമുക്ക് കോട്ടയത്തേക്ക് പോകണം' 'എന്തിനു'' എന്ന് പരിചാരകൻ ചോദിച്ചപ്പോൾ'' എന്റെ ദൈവം' കല്പിക്കുന്നു' എന്നു മാത്രമായിരുന്നു റമ്പാച്ചന്റെ മറുപടി. ചേററുവാ കടവിൽ നിന്ന് വഞ്ചിയിൽ യാത്രചെയ്ത അവർ ദിവസങ്ങൾക്കു ശേഷം കോട്ടയത്തിന് സമീപം പുഴയോരത്തിൽ വഞ്ചിയിറങ്ങി. കാനന പ്രദേശം. ഒരു കാഞ്ഞിരമരച്ചുവട്ടിൽ സങ്കേതം കണ്ടെത്തിയ റമ്പാച്ചൻ എപ്പോഴും പ്രാർത്ഥനയിൽ മുഴുകിയിരുന്നു. കാഞ്ഞിരമരച്ചുവട്ടിൽ തപസ്സനുഷ്ഠിക്കുന്ന റമ്പാച്ചനെ കാണാൻ പലരുമെത്തി. കടുത്ത വേനൽ. കുടിക്കാൻ പോലും വെള്ളമില്ല. ആളുകൾ റമ്പാച്ചനുമായി സംസാരിച്ചു.

ശേഷം 3–ാം പേജിൽ

Chakkapai Cycle Works

KUNNAMKULAM.


Phone: 2414
Res : 2027

സൗന്ദര്യത്തിൻ മാററുകൂട്ടാൻ!
പുത്തനഴകിൻ പൂക്കൾ ചാർത്താൻ!
വർണ്ണ മനോഹര രൂപമേകാൻ!

വർണ്ണ ലേഡീസ് ബ്യൂട്ടിപാർലർ
(ബോംബെ സിൽക്ക് ഹൗസിനു മുൻവശം)
ഗുരുവായൂർ റോഡ്–കുന്നംകുളം

മേഘ ഓഡിയോ വീഡിയോ
ഫിലിപ്സ് അംഗീകൃത വ്യാപാരി
ഗുരുവായൂർ റോഡ്, കുന്നംകുളം

ടി. വി., ഫ്രിഡ്ജ്, ടേപ്പ്റിക്കാർഡർ, ഫാൻ, മിക്സി, റേഡിയോ തുടങ്ങി എല്ലാവിധ ഇലക്ട്രോണിക്സ് വീട്ടുപകരണങ്ങൾക്കും സന്ദർശിക്കുക.



ഏഴുനിലയുള്ള
നിലവിളക്ക്

## പുലിക്കോട്ടിൽ ജോസഫ്....

2-പേജിൽനിന്നും തുടർച്ച

അവർ റമ്പാച്ചന്റെ നേതൃത്വത്തിൽ കാഞ്ഞിരമര ച്ചുവട്ടിൽ കൂട്ടമായി നിന്നു പ്രാർത്ഥിച്ചു. നട്ടുച്ച സമയം. പെട്ടന്ന് ഇടിനാദം. ശക്തിയായ കാററ്. സൂര്യൻ മറഞ്ഞു. ശക്തമായ മഴ ആ സംഭവം, റസിഡണ്ട് കേണൽ മൻറോ സായ്പിനെ റമ്പാച്ചനുമായി ബന്ധപ്പെടുവാൻ കാരണമാക്കി. റമ്പാച്ചന്റെ പ്രാർത്ഥനാ ജീവിതത്തിൽ ആകൃഷ്ടനായ റസിഡണ്ട് റമ്പാച്ചന് എന്തുസഹായവും ചെയ്യാൻ തയ്യാറായിരുന്നു.

ഒരു സുപ്രഭാതം. പ്രഭാത നമസ്ക്കാരം കഴിഞ്ഞ് കുളിക്കാനൊരുങ്ങുമ്പോഴാണ് റഡിഡണ്ട് റമ്പാച്ചനെ സന്ദർശിച്ചത്. റസിഡണ്ട് പറഞ്ഞു 'അങ്ങുന്ന് റവ. ബുക്കാനനോട് ആവശ്യപ്പെട്ടിരുന്നതുപോലെ ഒരു വൈദിക കോളജ് ആരംഭിക്കുന്നതിനുള്ള എല്ലാ സഹായവും ഞങ്ങളിൽ നിന്ന് പ്രതീക്ഷിക്കാം.'


റമ്പാച്ചന്റെ കണ്ണുകറം നിറഞ്ഞു. 'സർവ്വ ശക്തനായ ദൈവത്തിനു മഹത്വമുണ്ടാകട്ടെ 'റമ്പാച്ചന്റെ അധരങ്ങറം ചലിച്ചു.

റവ.ഡോ. ബുക്കാനന്റെ ശുപാർശ അനുസരിച്ച് ഈസ്റ്റ് ഇന്ത്യകമ്പനിയുടേതായി അന്നത്തെ റസിഡണ്ട് മക്കോളി സായ്പ് ഓർത്തഡോക്സ് സഭയുടെ പുരോഗമനത്തിനായി എട്ടുശതമാനം പലിശ നിരക്കിൽ മൂവായിരം പൂവരാഹൻ മലങ്കരമെത്രാപോലീത്തായുടെ പേരിൽ വട്ടിക്കിട്ടിരുന്നു. അഞ്ചുവർഷമായി പലിശ മുടങ്ങിക്കിടക്കുകയാണ്. വലിയ മാർദീവന്നാസ്യോസിന ശേഷം ഒരു മലങ്കരമെത്രാപ്പോലീത്താ ഉണ്ടായിട്ടില്ല എന്നതുകൊണ്ട് പലിശ വാങ്ങാൻ ആളില്ലായിരുന്നു. ഇക്കാര്യത്തെ പററി റമ്പാച്ചനും റസിഡണ്ടും തമ്മിൽ സംസാരിച്ചു. റസിഡണ്ടിന്റെ ശുപാർശയനുസരിച്ച് ചാട്ടുകുളങ്ങരെപള്ളിക്കൈക്കാരന്മാരായിരുന്ന വടക്കൂട്ട് വാറു അയ്പും കാക്കശേരി അയ്പും മുളന്തുരുത്തി പള്ളിക്കൈക്കാരനും ചേർന്ന് വട്ടിപ്പണത്തിന്റെ പലിശ 3360 രൂപ വാങ്ങി റമ്പാച്ചനെ ഏല്പിച്ചു. തുടർന്ന് റസിഡണ്ടിന്റെ താൽപര്യപ്രകാരം 16 ഏക്കർ സ്ഥലം റമ്പാച്ചൻ ഇഷ്ടപ്പെടുന്ന സ്ഥലത്ത് നല്കുന്നതിന് തിരുവിതാംകൂർ മഹാറാണി ഉത്തരവ് പുറപ്പെടുവിച്ചു. റമ്പാച്ചൻ താമസിച്ചിരുന്ന സ്ഥലം തന്നെയാണ് അദ്ദേഹം തെരഞ്ഞെടുത്തത്. ആ സ്ഥലത്ത് 1813 ൽ വൈദിക കോളജിനു വേണ്ടി റമ്പാച്ചൻ ശിലാസ്ഥാപനം നടത്തി. പലപ്പോഴം പണത്തിന് ബുദ്ധിമുട്ടുണ്ടായെങ്കിലും മഹാറാണി സംഭാവന ചെയ്ത തടിയും റസിഡണ്ടിന്റെ സഹായവും കൊണ്ട് 1856 ൽ സിമിനാരി പണി പൂർത്തീകരിച്ച് വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. ഒരു മഹാത്ഭുതമായിട്ടുമാത്രമെ ആ സംഭവം റമ്പാച്ചന് ഓർക്കുവാൻ സാധിക്കുമായിരുന്നുള്ളു. ചുരുങ്ങിയ കാലയളവിനുള്ളിൽ പണിതുയർത്തിയ സിമിനാരിയുടെ പ്ലാൻതയ്യാറാക്കിയതും റമ്പാച്ചൻ തന്നെയായിരുന്നു.

റമ്പാച്ചൻ എന്തിനു കോട്ടയത്തു വന്നു. ആ ചോദ്യത്തിനുത്തരം അദ്ദേഹം തന്നെ കണ്ടെത്തി. 'കോട്ടയം നമ്മുടെ സഭാ കേന്ദ്രമായിരിക്കും.'

വട്ടിപ്പണത്തിന്റെ പലിശ വാങ്ങിച്ചത് തെററായ മാർഗ്ഗത്തിൽ കൂടിയായിരുന്നു വെന്ന്

ശേഷം 4–ാം പേജിൽ



അതി വിശുദ്ധ സ്ഥലവും പ്രാവ് രൂപത്തിലുള്ള ഏവൻഗേലിയോൻ മേശയും


Best Compliments:–

**ഫേൻസിഫേബ്രിക്സ്**

**(എയർ കണ്ടീഷൻസ്)**

**കുന്നംകുളം**

Phone–2412
Res–2649

**Thekkekara Glass Emporium**

Vadakkanchery Road,

**Kunnamkulam.**

Phone: Shop: 2646
Tel: "GLASS"




**ടി. ഐ. ഉട്ടൂപ്പ്**
പടിഞ്ഞാറെ അങ്ങാടി
കുന്നംകുളം.

**ഓർത്തഡോക്സ് ഹെറാൾഡ്**

ശനിയാഴ്ചതോറും ദേവലോകം അരമനയിൽനിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം – 60 രൂപ
രണ്ടുവർഷം – 100 രൂപ

വിലാസം

ORTHODOX HERALD
DEVALOKAM P. O.
KOTTAYAM-686038

Phone: 0481-8234

Best compliments from

**A**

**Well Wisher**

**For Textiles**

★

**COCHIN STORES LUXURY**

Pattampi Road,

**Kunnamkulam.**

# പഴമയുടെ പാരമ്പര്യവുമായി കിഴക്കേ പുത്തൻപള്ളി

-ാംപേജിൽനിന്നും തുടർച്ച

ള്ളിയിൽ ഒരു സ്മാരക കപറിടം പണിതു് തിരുശേഷിപ്പ് സ്ഥാപിച്ചിരിക്കുന്നു.

പരിശുദ്ധ ഗീവർഗീസ് ീതിയൻ ബാവാ, ഔഗേൻ ാർ തീമോത്തിയോസ്, കു്യാക്കോസ് മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തോടെയാണ് ഈ പള്ളിക്കൂാശ ചെയ്തിട്ടുള്ളത്. പുലിക്കോട്ടിൽ ജോസഫ് കത്തനാായിരുന്ന (പിന്നീട് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്) പള്ളിയിൽ പ്രഥമബലി അർപ്പിച്ചതു്. ാടം നികത്തി എടുത്തസ്ഥമാകയാൽ കാലപ്പഴക്കം കൊ് പള്ളിയുടെ തറ ഈർപ്പം ബാധിച്ച കിടന്നിരുന്നതു് 984 ൽ ഇപ്പോഴത്തെ വികാിയുടെ നേതൃത്വത്തിൽ ഒരു ജീണ്ണോദ്ധാരണകമ്മററി പ്രവർത്തിച്ച് പള്ളിയുടെ അകം മൊസയ്ക്ക് ചെയ്ത് മോടിയാി. തുടർന്നു് 85 മുതൽ 89 മെയ് വരെ പുലിക്കോട്ടിൽ ജോസഫ് കത്തനാരായിരുന്ന പള്ളിവികാരി. ഇപ്പോൾ പള്ളിവികാരിയായി സേവനം അനുഷ്ഠിക്കുന്നതു് ഓലിയ്ക്കൽ അബ്രഹാം കത്തനാരാണ്. ചുത്തു് മാത്തൻ പുത്രൻ ട്രസ്റ്റിയായി സേവനം അനുഷ്ഠിക്കുന്നു.

മർത്തമറിയം സമാജവും യുവജന പ്രസ്ഥാനവും ഈ ഇടവകയിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ടു്. ഈ ഇടവകയിൽ നിന്നു് സഭയിൽ സേവനമനുഷ്ഠിക്കുന്ന പട്ടക്കാർ ചെമ്മണ്ണൂർ, പത്രോസ് കത്തനാർ (ഇപ്പോൾ അടുപ്പൂട്ടി) കൊള്ളന്നൂർ ഗീവറുഗീസ് കത്തനാർ വടക്കാഞ്ചേരി പള്ളിവികാരി പനക്കൽ മത്തായി കത്തനാർ എന്നിവരാണ് വൈദിക സിമിനാരി വിദ്യാർത്ഥിയായി ജിജോ സൈമൺ പഠനം നടത്തിവരുന്നു. 250-ൽ പരം കുടുംബങ്ങളിലായി ഈ ഇടവകയിൽ 1350 ഓളം അംഗങ്ങളുണ്ടു്. പള്ളിയുടെ മുൻവശം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമന് സ്മാരകമായി ഒരു കരിങ്കൽ കുരിശുംതൊട്ടി 1988 ൽ പുതുക്കിപ്പണിതു. പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തയാണ് ഇതിൻെറ കൂദാശ നിർവഹിച്ചതു്.

ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്കു് ഒരു ദയറാ സ്ഥാപിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ അദ്ദേഹത്തിനു് സാധിച്ചില്ലെങ്കിലും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ തൻെറ പൂർവ്വീകൻെറ ആഗ്രഹം നിർവ്വഹിച്ചു. അതാണ്. പരുമലസിമിനാരി കള്ളന്മാരുടെയും അസന്മാർഗികളുടേയും വാസസ്ഥാനമായിരുന്ന പരുമലയിൽ പുലിക്കോട്ടിൽ രണ്ടാമത്തെ തിരുമേനി, പരിശുദ്ധനായ ഗ്രീഗോറിയോസ് തിരുമേനിയെ, അദ്ദേഹം അച്ചനായിരുന്നപ്പോൾ, സിമിനാരി മാനേജരായി നിയമിച്ചപ്പോൾ ഇരുളിമ മാറി പരുമലയുടെ മുഖം പ്രകാശമാനമായി. കോട്ടയം കെ. കെ. റോഡിൽ എം.ഡി.ഹൈസ്കൂളും എം. ഡി. സിമിനാരിയും പുലിക്കോട്ടിൽ ഒന്നാമത്തെ തിരുമേനിയുടെ പേരിൽ പുലിക്കോട്ടിൽ രണ്ടാമത്തെ തിരുമേനി സ്ഥാപിച്ചിട്ടുള്ളതാണ്. ഏലിയാ കത്തീഡ്രലും, ബസ്സേലിയസ് കോളജും ആ സ്ഥലത്തു തന്നെ സ്ഥിതിചെയ്യുന്നു. സഭയ്ക്കു് നല്ല ആദായം നല്കുന്ന ഷോപ്പിംഗ് കോംപ്ലക്സും അവിടെത്തന്നെയാണ്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിൻെറ സ്മാരകമായി പഴഞ്ഞിയിൽ നല്ലൊരു കോളജും, കുന്നംകുളത്തു് ഒരു ഹൈസ്കൂളും സ്ഥാപിതമായിട്ടുണ്ട്.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമനെ ഒരു പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനു് പ. സുന്നഹദോസ് പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ടു്. എത്രയും വേഗം അദ്ദേഹത്തെ പരിശുദ്ധനായി പ. സുന്നഹദോസ് പ്രഖ്യാപിക്കുമെന്നു് നമുക്കു് പ്രത്യാശിക്കാം. ○



പള്ളി മാനേജിംഗ് കമ്മററി

3–ാംപേജിൽനിന്നും തുടർച്ച

ചില കുബുദ്ധികൾ വൈസ്രോയിക്കു് എഴുതിഅയച്ചിരുന്നു. ഈ പരിതഃസ്ഥിതിയിൽ ഒരു മെത്രാപ്പോലീത്താ ഉടനെ ഉണ്ടാകണമെന്ന ആഗ്രഹം റസിഡണ്ടു്, റമ്പാച്ചനെ അറിയിച്ചു. മാത്രമല്ല, റമ്പാച്ചൻ തന്നെ ആ സ്ഥാനം ഏല്ക്കണമെന്നു് റസിഡണ്ടും സഭാ നേതാക്കന്മാരും ആവശ്യപ്പെട്ടു. ഒരു മെത്രാനാവാനുള്ള യോഗ്യത തനിക്കില്ലന്നു് റമ്പാച്ചൻ പറഞ്ഞപ്പോൾ റസിഡണ്ടു് അത്ഭുതപ്പെട്ടു. സഭയുടെ പരമോന്നത പദവി ആഗ്രഹിയ്ക്കാത്ത നിഷ്ക്കളങ്കനായ ഒരു റമ്പാച്ചൻ. അവസാനം എല്ലാവരുടേയും നിർബന്ധത്തിനു് വഴങ്ങുമ്പോൾ റമ്പാച്ചൻ മൂന്നു ദിവസത്തെ ഉപവാസത്തിലും പ്രാത്ഥനയിലുമായിരുന്നു. 1815 മീനം 9–നു് പഴഞ്ഞിപള്ളിയിൽ വെച്ചു് തൊഴിയൂർ സഭയുടെ കിടങ്ങൻ മാർപീലക്സീനോസിൽനിന്നു് മാർദീവന്നാസിയോസ് എന്ന പേരിൽ റമ്പാച്ചൻ മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു.

മെത്രാപ്പോലീത്തായായതിനു ശേഷം അധികകാലം അദ്ദേഹം ജീവിച്ചിരുന്നില്ല. 1816 നവംബർ 25നു് ജൻമദിനത്തിൽ എഴുപത്താറാം വയസ്സിൽ അദ്ദേഹം കാലം ചെയ്തു അദ്ദേഹം സ്ഥാപിച്ച പഴയ സെമിനാരിയിൽ തന്നെ കബറടക്കം നടത്തി. കാലയവനികക്കുള്ളിൽ മറഞ്ഞുവെങ്കിലും സഭാവിശ്വാസികളുടെ ഓർമ്മയിൽ ഇന്നും അദ്ദേഹം ജീവിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറമദ്ധ്യസ്ഥപ്രാർത്ഥന അനേകർക്കു് അഭീഷ്ട കാര്യസിദ്ധി നേടിക്കൊടുക്കുന്നുണ്ടു്. ○

**Best compliments from:**

Dr. THOMAS MATHEW

# ROYAL HOSPITAL

KUNNAMKULAM.

... Printed by Rev. C. K. Joseph ...